## വിഎസിനു തെളിവു നൽകാൻ
## കോടതി സമയം നൽകി

ഒരു ലക്ഷം രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നൽകിയ മാനനഷ്ടക്കേസിൽ രേഖകൾ സമർപ്പിക്കാൻ പ്രതിപക്ഷ നേതാവിന് തിരുവനന്തപുരം അഡീഷണൽ ജില്ലാ കോടതി മേയ് 12 വരെ സമയം അനുവദിച്ചു.

ലോകായുക്തയിൽ 12 കേസുകൾ മുഖ്യമന്ത്രിക്കെതിരെ ഉണ്ടെന്നും വിഎസ് മലമ്പുഴയിൽ സ്ഥാനാർഥിയായതിനാൽ പ്രസ്തുത വിവരങ്ങൾ കോടതിയെ ബോധ്യപ്പെടുത്താൻ രണ്ടാഴ്ച സമയം അനുവദിക്കണമെന്നും പ്രതിപക്ഷനേതാവിന്റെ അഡ്വക്കേറ്റ് ആവശ്യപ്പെട്ടതിനെ തുടർന്നാണിത്. എന്നാൽ ലോകായുക്തയിൽ ഒരു കേസും നിലവിലില്ലെന്നും രണ്ടാഴ്ച അനുവദിക്കുന്നത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന മുഖ്യമന്ത്രിയെ ദോഷകരമായി ബാധിക്കുമെന്നും മുഖ്യമന്ത്രിയുടെ അഡ്വക്കേറ്റ് വാദിച്ചു.

കോടതിയിൽ ഇരുഭാഗത്തെയും അഡ്വക്കേറ്റുമാർ പരസ്പരം വാദം തുടർന്നപ്പോൾ കോടതി രാഷ്ട്രീയക്കളമാണോ എന്ന് ചോദിച്ച കോടതി തുടർന്ന് രേഖകൾ സമർപ്പിക്കാൻ വിഎസിനോട് കോടതി ആവശ്യപ്പെടുകയായിരുന്നു.